# സ്കൂൾ കലോത്സവവും സർഗാത്മകതയും

"ഏതു ധൂസര സങ്കൽപങ്ങളിൽ വളർന്നാലും
ഏതു യന്ത്രവൽകൃത ലോകത്തിൽ പുലർന്നാലും
മനസ്സിൽ ഉണ്ടാകട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും"

കേരങ്ങൾ തിങ്ങും കേരളനാടിന്റെ മഹാത്മ്യവും മാറുന്ന സമൂഹത്തിൽ മാറ്റങ്ങൾ സൃഷ്ടിക്കാൻ മലനാടിനെ മനസ്സിൽ പ്രതിഷ്ഠിച്ചുകൊണ്ടും കാച്ചിക്കുറുക്കിയ കവിതകളുടെ സൃഷ്ടാവായ ശ്രീ വൈലോപ്പിള്ളി ശ്രീധരമേനോന്റെ ഈ വരികളിൽ നിന്നും ആരംഭിക്കാതിരിക്കുവാനായി കഴിയുകയില്ല. കേരളനാടിന്റെ മഹാത്മ്യമേറിയ ചിത്രവും മറക്കാൻ കഴിയാത്ത അനുഭവങ്ങളും മനുഷ്യവികാസത്തിന്റെ ഏതു ഘട്ടങ്ങളിലും മലയാളികൾക്ക് തുണയാകും. അതുകൊണ്ടുതന്നെയാണ് പാഠപുസ്തകങ്ങളിലും ഒഴിവാക്കാനാകാത്ത ഒരു പാഠമായി 'വിഷുക്കണി' മാറിയതിനുപിന്നിലും. ഗ്രാമീണാന്തരീക്ഷത്തിലും നഗരാന്തരീക്ഷത്തിലും വളർന്നുവരുന്ന രണ്ടു

തരത്തിലുള്ള കുട്ടികളെ ഇന്നു നമുക്ക് കാണാനായി സാധിക്കും. പഠനവിധേയമാക്കുന്ന കാര്യങ്ങൾ ഒന്നുതന്നെ. എന്നാൽ മനസ്സിൽ ആവാഹിച്ചെടുക്കുന്ന കഴിവും സമൂഹത്തിൽ പ്രയോജനപ്പെടുത്തുന്നതും വ്യത്യസ്തമായാണ്. അത്തരത്തിലുള്ള വ്യത്യസ്തതകളെല്ലാം ഒന്നായി-ച്ചേരുന്ന ഒരു വേദിയുണ്ട് - കലോത്സവവേദി-കൾ. വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ സർഗാത്മക-തയെ പരിപോഷിപ്പിക്കുന്നതിനായി ഇതിലും മികച്ച ഒരു വേദി കാണാനിടയില്ല. അതിൽ ഏറ്റവും മികവുറ്റ് നിൽക്കുന്നവയാണ് സ്കൂൾ കലോത്സവ വേദികൾ.

→ <u>കലോത്സവം</u>; <u>കുട്ടികളുടെ വികാരം</u>

പഠനാന്തരീക്ഷത്തിൽനിന്നും ശാരീരികമായും മാനസികമായും കുട്ടികൾക്ക് ഒരു മോചനമാർഗമാണ് കലോത്സവവേദികൾ. പ്രത്യേകിച്ചും സ്കൂൾ കാലഘട്ടങ്ങളിൽ അവ വലിയ തോതിൽ കുട്ടികൾക്ക് ആവേശമായി മാറുകയും ചെയ്യുന്നുണ്ട്. തങ്ങളിലായി ഒതുങ്ങി-

യിരിക്കുന്ന കലാവാസനയെ പുറത്തുകൊണ്ടു-
വരുന്നതിലൂടെ കുട്ടികൾക്ക് അവരുടെ ഭാവി-
വളർച്ചയെയും തീരുമാനങ്ങളെയും കാര്യക്ഷമ-
തയോടെയും സ്വാതന്ത്ര്യമായും ചിട്ടപ്പെടുത്തുവാനും
സാധിക്കുന്നു. നൃത്തവും, സംഗീതവും,
നാടകവും, ചിത്രരചനയും, സാഹിത്യവുമെല്ലാം
കുട്ടികളുടെ സർഗാത്മകചിന്തയെ വളർത്തു-
മെന്നത് തീർച്ചയാണ്.

കേവലം മത്സരമെന്നതിലുപരി കുട്ടികളുടെ
വികാരമായി മാറിയിരിക്കുകയാണ് ഇന്ന് കലോ-
ത്സവനഗരികൾ. തങ്ങളുടെ കലാവാസനയെ
സമൂഹത്തിനു മുമ്പിൽ അവതരിപ്പിക്കുക
എന്നതിലുപരി സാമൂഹികമായും സാംസ്കാരി-
കമായും വ്യത്യസ്തത പുലർത്തുന്ന വ്യക്തി-
കളുമായുള്ള സംവർക്കവും കുട്ടികൾക്ക് ഗുണ-
കരമാകുന്നുണ്ട്. നൃത്തവേദികളിൽ നിന്നും
അരങ്ങേറുന്ന കാൽചിലമ്പൊലികളും താളമേ-
ളങ്ങളും ഒരു നിമിഷമെങ്കിൽ നമ്മെയാകെ
കുളിർമ്മ കൊള്ളിച്ചിരിക്കും. അന്തരത്തിൽ

എല്ലാ മേഖലകളിൽ കുട്ടികൾ അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു - നാളെയുടെ വാഗ്ദാനങ്ങളായി മാറുന്നു.

→ <u>വളർന്നുവരുന്ന യുവകലാപ്രതിഭകൾ</u>

കലോത്സവ വേദികളിലൂടെ നാളെയുടെ വാഗ്ദാനങ്ങളായ യുവകലാപ്രതിഭകളെയാണ് പടുത്തുയർത്തുന്നത്. സാമൂഹികമായും സാംസ്-കാരികമായും വ്യത്യസ്തത പുലർത്തുന്ന ഇത്തരം പ്രകടനങ്ങൾ വിധികർത്താക്കളെയും കാഴ്ചക്കാരെയും ഒരുപോലെ പ്രകമ്പനം കൊള്ളിക്കുന്നു. വേദിയിൽ അരങ്ങേറ്റം കുറിക്കുന്ന കലാകാരിയിൽ നിന്നോ കലാകാര-നിൽ നിന്നോ എന്തെങ്കിലുമൊക്കെ പഠിക്കാ-നായും അവർക്ക് സാധിക്കുന്നു. ഇവിടെ തീർച്ചയായും കുട്ടികളുടെ സർഗാത്മകതയെ വിലയിരുത്താനായി സാധിക്കുന്നു. തങ്ങളുടെ സർഗാത്മകമായ ബോധത്തെ ഇഷ്ടപ്പെട്ട മേഖലയിൽ എത്രത്തോളം കാര്യക്ഷമമായും സുതാര്യമായും അവതരിപ്പിക്കുവാൻ സാധിക്കു-

നുവോ അതിലൂടെ ഭാവിയിൽ തങ്ങൾക്കിഷ്ടപ്പെട്ട മേഖലയിൽ ഇഷ്ടമുള്ള തൊഴിൽ കണ്ടെത്താനും കുട്ടികൾക്ക് സാധിക്കുന്നു. കലോത്സവവേദികളിൽ സംഗീതത്തിലും നൃത്തത്തിലും മാറ്റുരച്ച് പിൽക്കാലത്ത് അഭിനയരംഗത്തും പിന്നണിഗാനരംഗത്തും തിളങ്ങുന്ന എത്രയോ പ്രതിഭകളെ ഉദാഹരണങ്ങളായി നിരത്താൻ സാധിക്കുന്നു. സാഹിത്യമേഖലയിലും സ്ഥിതി ഒട്ടും വിപരീതമല്ല. യുവ സാഹിത്യകാരായ സച്ചിദാനന്ദനും പ്രിയയും കെ. ആർ. മീരയുമൊക്കെ കലോത്സവവേദികളിൽ തിളങ്ങിയ പ്രതിഭകൾ തന്നെ.

→ യന്ത്രവൽകൃത ലോകത്തുനിന്നും കലയുടെ ആരവങ്ങളിലേക്ക്.....

സമകാലീന സമൂഹത്തിലുള്ള കുട്ടികൾ സാമൂഹികമായും സാംസ്കാരികമായും പാരിസ്ഥിതികമായും വളരെ മാറ്റംകൊണ്ട ഒരു പരിതസ്ഥിതിയിലാണ് ജീവിക്കുന്നത്. പ്രകൃതിയോടിണങ്ങിയ ചുറ്റുപാടിൽനിന്നും വ്യത്യസ്ത-

മായി യന്ത്രവൽകൃത സമൂഹത്തിലേക്ക് രൂപ-
മാറ്റം ചെയ്യപ്പെട്ട ആധുനികസമൂഹം കേവല
മൊരു യന്ത്രത്തിനുള്ളിൽ ഒതുങ്ങുന്ന ഒരു
അവസ്ഥയാണ് സംജാതമായിക്കൊണ്ടിരിക്കുന്നത്.
പ്രകൃതിയോടിണങ്ങിയ സംസ്കാരത്തിൽ നിന്നും
ടെക്നോളജി അടിസ്ഥാനമാക്കിയുള്ള സംസ്കാര-
ത്തിലേക്കുള്ള പരിണാമത്തെയാണ് ഇത്
സൂചിപ്പിക്കുന്നത്. ലോകത്തിലുള്ള മുഴുവൻ
വസ്തുതകളും ഒറ്റക്കുടക്കീഴിൽ ലഭ്യമാകുന്ന
ന്യൂജെൻ ടെക്നോളജിയെ ഒരിക്കലും കുറ്റപ്പെ-
ടുത്താനാവില്ല. എന്നാൽ ഇന്നത്തെ കുട്ടികളിൽ
അവ കൈക്കൊണ്ട ആധികാരികതയെ വിസ്-
മരിക്കരുത്. തങ്ങളുടെ അടുത്ത ജീവിതഘട്ടം
എങ്ങനെയെന്നു തീരുമാനിക്കുന്നതിനുവരെ
ഇന്റർനെറ്റിനെ ആശ്രയിക്കുന്ന വിരുതന്മാർ
ഒരുപക്ഷേ നമ്മൾ കുട്ടികളിൽ തന്നെയും
ധാരാളമായി ഉണ്ട്.

എന്നാൽ മേൽപറഞ്ഞ സൗകര്യങ്ങ-
ളെയെല്ലാം വളരെ മികച്ചരീതിയിൽ തങ്ങളുടെ

സർഗ്ഗാത്മകതയെ ഉയർത്തുന്നതിനായി ഉപ-
യോഗപ്പെടുത്തുന്ന കുട്ടികളും നമുക്കിടയിലുണ്ട്.
യന്ത്രവൽകൃത ലോകത്തുനിന്നും അറിവിന്റെയും
ആരവങ്ങളുടെയും വേദിയിലേക്ക് ചുവടുവയ്ക്കു-
ന്നതിന് കുട്ടികളെ കലോത്സവവേദികൾ
സഹായിക്കുന്നു. മാനസികമായുള്ള ഉല്ലാസത്തി-
നുപുറമെ അറിവിന്റെ വാതായനങ്ങൾ
കൂടി കലോത്സവവേദികൾ തുറന്നിടുന്നുണ്ട്.

കേരളത്തെപ്പോലെ ഇത്രയേറെ വളർ-
ച്ചകൊണ്ട് ഒരു സംസ്ഥാനത്തിന്
വളർന്നുവരുന്ന യുവപ്രതിഭകളുടെ ക്ഷേമത്തി-
നും സ്വീകാര്യതയ്ക്കും വളരെയധികം മാറ്റുകൂ-
ട്ടാനാകും. വികസന വിജ്ഞാന സാഹിത്യ-
ത്തിൽ കേരളത്തെപ്പോലെ ഇത്രയേറെ
ചർച്ചചെയ്യപ്പെട്ട മറ്റൊരു ഭൂപ്രദേശമില്ലെന്ന്
പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞർ ചൂണ്ടി-
ക്കാട്ടിയിട്ടുണ്ട്. സമ്പൂർണ്ണ സാക്ഷരത, കുറഞ്ഞ
ശിശുമരണനിരക്ക്, പൊതുമേഖല സംവിധാന-
ങ്ങളുടെ സജീവ സാന്നിദ്ധ്യം തുടങ്ങിയവ

ആ വികസനതന്ത്രങ്ങളിൽ ചുരുക്കം ചിലതു മാത്രമാണ്. ഈ വസ്തുതകളെല്ലാം തന്നെ വിദ്യാർത്ഥി - വിദ്യാർത്ഥിനികളുടെ വളർച്ചയ്ക്ക് വലിയ തോതിൽ സ്വാധീനം ചെലുത്തുന്നുണ്ട്. കുട്ടികളെ അവരുടെ കലാമൂല്യങ്ങളെയും അറി-വിനെയും അടിസ്ഥാനപ്പെടുത്തി വളർത്തിക്കൊണ്ട് വരുന്നതിൽ സർക്കാർ വഹിച്ച പങ്കും ഒട്ടും ചെറുതല്ല. മാറുന്ന ലോകത്തിലും മാറ്റങ്ങളെ അവസരങ്ങളാക്കിക്കൊണ്ട് മുന്നേറുന്ന യുവ-കലാപ്രതിഭകൾ സർഗാത്മകതയെ അതിന്റെ ഉച്ചസ്ഥായിയിൽ എത്തിക്കുമെന്നതിൽ സംശയം വേണ്ട.

→ സാഹിത്യവും കുട്ടികളുടെ സങ്കൽപങ്ങളും.

ആധുനിക സമൂഹത്തിലുള്ള കുട്ടികൾക്ക് താരതമ്യേന നഷ്ടമായിക്കൊണ്ടിരിക്കുന്ന വലിയൊരു മൂല്യം തന്നെയാണ് 'വായന' എന്നുള്ളത്. 'വായിച്ചാലും വളരും, വായിച്ചി-ല്ലെങ്കിലും വളരും, വായിച്ചാൽ വിളയും, വായിച്ചില്ലെങ്കിൽ വളയും' എന്ന കുഞ്ഞുണ്ണി

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

മാഷിന്റെ വരികളെ സ്മരിച്ചുപോകുന്നു.
വായിച്ചാൽ വിളയുന്ന കാലഘട്ടത്തിൽ ഇപ്പോൾ
കുട്ടികളുടെ സാഹിത്യസങ്കൽപ്പങ്ങൾ മാറി-
വരുകയാണ്. കലോത്സവവേദികളിലുള്ള സാഹിത്യ
മത്സരങ്ങൾ വ്യത്യസ്തമാകുന്നതും ഇതു-
കൊണ്ടുതന്നെ. സാഹിത്യമത്സരങ്ങൾ ഇപ്പോൾ
മത്സരങ്ങൾ എന്നതിലുപരി കുട്ടികൾ അവരുടെ
അഭിപ്രായങ്ങളെയും വീക്ഷണങ്ങളെയും
തുറന്നുകാട്ടാനുള്ള വാതായനങ്ങളായി
മാറിയിരിക്കുന്നു. വിവിധ ജീവിതസാഹചര്യ-
ങ്ങളിൽ നിന്നു ജീവിച്ചുവന്ന കുട്ടികൾക്ക്
അവർ അനുഭവിച്ച യാഥാർത്ഥ്യങ്ങളാണ്
~~പി~~ പിന്നീട് സാഹിത്യരചനകളായി മാറുക.

വിവിധ കോണുകളിൽനിന്നും വീക്ഷണം
നടത്തുന്ന കുട്ടികൾ ഇത്തരം വേദികളിൽ
നിന്നാരംഭിച്ച് പിന്നീട് ചരിത്രത്താളുകളിൽ
ഇടംപിടിക്കുന്ന സവിശേഷതയും കാണാൻ
കഴിയുന്നു. തങ്ങളുടെ സർഗാത്മകമായ വ്യാകു-
ലതകളെയും ചിന്തകളെയും അവതരിപ്പിക്കു-

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).

വാനുള്ള അവസരം കൈക്കൊണ്ടത് കലോ-
ത്സവവേദികളിലൂടെയാണെന്നോർക്കുക.
'മാറ്റുവിൻ ചട്ടങ്ങളെ, സ്വയമല്ലെങ്കിൽ
മാറ്റുമതുകളീ നിങ്ങളെത്താൻ'
എന്ന കുമാരനാശാന്റെ വരികളെ ഓർക്കുന്നു-
സാമൂഹികമായും സാംസ്കാരികമായും രാഷ്ട്രീ-
യമായും ആത്മജ്ഞാനവും വീക്ഷണവുമുള്ള
കുട്ടികളാണ് ഇന്നത്തേത്. തെറ്റായ ചട്ടങ്ങളെ
മാറ്റൂ എന്ന് തുറന്നടിച്ചു പറയാൻ ഇന്നത്തെ
കുട്ടികൾ പ്രാപ്തരാകണം. താനായ വ്യക്തി-
യെ മാറ്റുന്നതിനുമുമ്പേ തന്റേതായ ഒരു
വ്യക്തിമുദ്ര ലോകത്തിൽ പതിപ്പിക്കുവാനായാണ്
ഇന്നത്തെ കുട്ടികൾ ശ്രമിക്കുന്നത്. അതിനായി
അവരെ പ്രാപ്തരാക്കിയത് കലോത്സവ
വേദികളിലൂടെയുള്ള ഇത്തരം പരിചയസമ്പത്ത്
ആണെന്നതിൽ സംശയമില്ല.

→ നാളെയുടെ വാഗ്ദാനങ്ങളും; സർഗാത്മകതയും

ഇന്നത്തെ കുട്ടികളാണ് നാളത്തെ
പൗരന്മാർ എന്നത് മനുഷ്യ ഉത്ഭവത്തോളം

പഴക്കമുള്ള ഒരു വസ്തുതയാണ്. ലോകത്തെ മാറ്റിമറിക്കാനായി ഉപയോഗിക്കാൻ സാധിക്കുന്ന ഏറ്റവും ശക്തമായ ആയുധമാണ് വിദ്യാഭ്യാസം എന്നതിലുപരി വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ അന്തഃസത്തയെയും സർഗാത്മകതയെയും പരിപോഷിപ്പിക്കുന്ന ഒരു വേള അവർക്ക് ~~പ്രധാനം~~ പ്രദാനം ചെയ്യുക എന്നത് അത്യാവശ്യമാണ്. വിദ്യാഭ്യാസം എന്നത് വിദ്യകളുടെ അഭ്യാസമാണ്, കലാവൈഭവങ്ങളുടെയും. കലകളുടെ നാളായ കേരളത്തിന് മുതൽക്കൂട്ടാവട്ടെ ~~എന്ന~~ ഇന്നത്തെ യുവകലാപ്രതിഭകൾ. സർഗാത്മകതയുടെ താളമേളങ്ങളോടെ ഉയർന്നുവരട്ടെ ഓരോ യുവത്വവും!

ലോകാ സമസ്താ സുഖിനോ ഭവന്തു!

(Note: This page will be scanned to publish the article in schoolwiki. So, Write neatly. Don't fold paper. Don't write overleaf).